بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 08/05/2015

**(19 RAJAB 1436 HIJRI)**

**Hazrat Khalifathullah Munir Ahmad Azim (A)**

## The Door of divine revelation is always open

### ദൈവീക വെളിപാടുകളുടെ വാതിൽ എന്നും തുറന്നു കിടക്കും

സലാമിനും തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹാ ഓതിയശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) പറഞ്ഞു.

മനുഷ്യമനസ്സ് വളരെയേറെ സങ്കീർണ്ണതകൾ നിറഞ്ഞതാണ്. അത് വികസിതമായത് പലഘട്ടങ്ങളിലൂടെയാണ്. ദൈവം നൽകിയ കഴിവുകൾ വികസിക്കപ്പെട്ട പരിണാമ പ്രക്രിയ സാവധാനത്തിലാണ് രൂപം കൊണ്ടത്. ഓരോ കാലത്തും അവതീർണ്ണരായ ദൈവദൂതൻമാരും പ്രവാചകൻമാരും പരിഷ്ക്കർത്താക്കളും ആ കാലത്തെ മനുഷ്യമനസ്സിന്റെ കഴിവുകൾക്കനുസൃതമായ ദൈവീക പാഠങ്ങൾ കൊണ്ടു വരുകയുണ്ടായി. നൂറ്റാണ്ടുകളിലൂടെ കടന്നു പോയ ഈ മനുഷ്യ ചരിത്രം തികച്ചും വ്യത്യസ്തമായ ഒരു ഘട്ടത്തിലേക്ക് പ്രവേശിക്കുന്നത് ഇസ്ലാമിന്റെ അവതരണത്തോടെയാണ്. മനുഷ്യ മനസ്സ് പരിപൂർണ്ണതയിലെത്തുകയും വിവിധ സമുദായങ്ങളും രാഷ്ട്രങ്ങളും തമ്മിലുള്ള സഹവർത്തിത്വത്തിനും ഏകലോകമെന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കും വിധം ഗതാഗത - വാർത്താവിനിമയ സംവിധാനങ്ങൾ ശക്തിപ്പെടുകയും ചെയ്ത കാലത്താണ് ദൈവം തമ്പുരാൻ തന്റെ ശരിയത്ത് വാഹകനായ അവസാനത്തെ പ്രവാചകനെ ഉയർത്തിയത്. ഹസ്രത് മുഹമ്മദ് (സ) വിശുദ്ധ ഖുർആൻ എന്ന വെളിപാടു ഗ്രന്ഥവുമായി വന്നു - മനുഷ്യ സമുദായത്തിന്റെ ആദിമ ചരിത്രം മുതൽ അവതീർണ്ണമായിട്ടുള്ള എല്ലാ ആത്മീയ പാഠങ്ങളുടെയും രത്നചുരുക്കം. എല്ലാ കാലഘട്ടത്തിലെയും ആവശ്യത്തിന് പൂരകങ്ങളായ അധ്യാപനങ്ങൾ അത് വഹിക്കുന്നു.

അന്തിമനിയമ വാഹക ഗ്രന്ഥമാണെങ്കിലും, വെളിപാടുകളുടെയും, ആത്മീയ ഔന്ന്യത്ത്യത്തിന്റെയും വാതിലുകൾ എന്നെന്നും തുറന്നു കിടക്കുന്നതാണ്. പുതിയ ഒരു നിയമസംഹിത വെളിവാക്കപ്പെടുകയില്ലെങ്കിലും വിശുദ്ധ ഖുർആനിൽ മറഞ്ഞു കിടക്കുന്ന നിധി കുംഭങ്ങളെ പുറത്തുകൊണ്ടുവരുവാൻ പര്യാപ്തമായ പ്രവാചകൻമാരെ അല്ലാഹു നിയോഗിച്ചുകൊണ്ടിരിക്കുന്നതാണ്. മാനവകുലത്തിന് ദൈവീക ബോധ്യത്തിന്റെ വാതിലുകൾ തുറന്നിട്ടിരിക്കുകയാണ് അത് തുടർന്നും ലഭ്യമാകുന്നതാണ്. പരിപൂർണ്ണ ഗ്രന്ഥത്തോടൊപ്പം മറ്റൊരു നിയമസംഹിത ആവശ്യമില്ല. എന്നാൽ അവന് ദൈവത്തെ പ്രാപിക്കുവാൻ ആവശ്യമായ വാതിലുകൾ ആവശ്യവുമാണ്. ആയതിനാൽ പുതിയ നിയമം ആവശ്യമില്ല, ആത്മീയ സമ്പൂർണ്ണതയ്ക്ക് പ്രവാചകത്വത്തിന്റെ വാതിൽ ആവശ്യവുമാണ്. അത് തുറന്ന് കിടക്കുന്നു എല്ലാ കാലത്തേക്കും അത് തുറന്നു കിടക്കുന്നതാണ്. നമ്മുടെ മുൻഗാമികൾക്ക് അല്ലാഹു (ത) നൽകിയത് പോലെ നമുക്കും അല്ലാഹു (ത) നൽകിക്കൊണ്ടിരിക്കും.

ഈ വിശ്വാസ സംഹിത അതായത് ഖുർആൻ അവസാനത്തേതും, സമ്പൂർണ്ണവുമായ വെളിപാട് നിയമങ്ങളാണ് എന്നതുകൊണ്ട് മനുഷ്യന് എത്താവുന്ന ബൗദ്ധിക പുരോഗതിയുടെ അവസാന അറ്റം വരെയും എത്തിയിരിക്കുന്നു എന്നർത്ഥമില്ല, ഇനി മുന്നോട്ട് പോകാനില്ലഎന്നും അർത്ഥമില്ല. മനുഷ്യ മനസ്സ് എന്നെന്നും പുരോഗതിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അത് ഇഹലോകത്തിലായാലും ശരി, പരലോകത്തിലായാലും ശരി ! മറിച്ച് ഒരു ഗ്രന്ഥം സമ്പൂർണ്ണമാണ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത് പുരോഗതിയിലേക്ക് നീങ്ങുന്നതിന് അത് കൂടുതൽ സഹായിച്ചുകൊണ്ടിരിക്കുന്നു എന്നാണർത്ഥം. വെളിപാട് ഗ്രന്ഥത്തിന്റെ

ഉള്ളടക്കങ്ങളെ ആദരിക്കുന്നതിനോടൊപ്പം, ദൈവ വചനങ്ങൾക്ക് അർത്ഥം ദൈവ പ്രവർത്തിപോലെയാണ്. ദൈവീക ഗ്രന്ഥം അനന്തമായ രഹസ്യങ്ങളുടെ കലവറയാണ്. മാനവകുലത്തിന് അത് പൂർണ്ണമായും കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. അതിന്റെ സൃഷ്ടിപ്പ് മുതൽ ഇത്വരെയുള്ള വികാസങ്ങൾ! ആയതിനാൽ ദൈവ വാക്ക് നിശ്ചയമായും ഒരിക്കലും തീരാത്ത നിധിഭവനമാകുന്നു. പഠനവും അന്വേഷണവും ഒരിക്കലും അവസാനിക്കുന്നില്ല; അവസാനിച്ചുപോയാൽ, ഒരാൾക്ക് അംഗീകരിക്കേണ്ടി വരും, ദൈവം സൃഷ്ടിച്ച ഭൗതീക പ്രപഞ്ചം, മനുഷ്യ ജീവിതത്തിന്റെ പരിമിത ഭാഗം മാത്രമാണ് എന്ന്. അതുപോലെ ആത്മീയ പ്രപഞ്ചവും താത്ക്കാലികവും പരിമിതവുമാണെന്ന് !അങ്ങനെ വരുമ്പോൾ, അവന്റെ സമ്പൂർണ്ണ ഗ്രന്ഥവും, അതിലെ നിധികളും പെട്ടെന്ന് തീർന്നു പോകുന്നതാണ് എന്ന്. ഇത് ഒരിക്കലും സംഭവിക്കാവതല്ല. വിശുദ്ധ ഖുർആൻ ഭൗതിക പ്രപഞ്ചത്തെക്കാൾ എത്രയോ മടങ്ങ് നിധികൾ ഉൾക്കൊള്ളുന്നതാണ്. ഈ നിധി കുംഭങ്ങൾ ആത്മാർത്ഥമായി അന്വേഷിക്കുന്നവരുടെ മുമ്പാകെ തുറന്നു വച്ചിരിക്കുന്നു. ഈ പുതു തത്വം ചിന്തിക്കുന്ന തിലൂടെ ബൗദ്ധികസുഖം തേടുന്ന അനേകരുണ്ട്. അനന്തമായ ബൗദ്ധിക ചക്രവാള ജനലുകൾ തുറന്നിടു ന്നവർ ! എന്നാൽ ഇതിന് പ്രായോഗിക പരീക്ഷ നടത്തേണ്ടതുണ്ട്. അല്ലാഹുവിന്റെ എളിയ സേവകനെന്ന നിലയിൽ, പരീക്ഷണാർത്ഥം ഈ വചനങ്ങളെ പ്രവർത്തി പഥത്തിൽ കൊണ്ടുവന്നു അതിന്റെ പ്രയോജനം ലഭ്യമായി. ഇതിന്റെ തത്വം പ്രവർത്തി പഥത്തിൽ കൊണ്ടു വരുന്നതിന്റെ ഭാഗമായി, ഖുർആൻ പഠനം എന്നിൽ പറഞ്ഞറിയിക്കുവാൻ കഴിയാത്ത ആനന്ദാനുഭൂതി നൽകുകയുണ്ടായി. ഇപ്പോൾ ഈ ഹർഷോൻമാദം ദിവ സവും തൊട്ടറിയാവുന്ന തരത്തിലാണ്. അല്ലാഹു (ത) എന്നെ അവന്റെ വിനീത ദൂതനായി തെരഞ്ഞെടു ത്തുത് മുതൽ ! അതിയായി സ്തുതിക്കുകയും വിവരിക്കുകയും ചെയ്യുന്ന അറിവിന്റെ ഉറവിടങ്ങൾ, പരി പൂർണ്ണ ദൈവീക വാക്കുകൾ, വിശുദ്ധ ഖുർആനിൽ നിന്ന് ഈ വിനീതന് തുടർച്ചയായി ലഭിച്ചുകൊണ്ടിരി ക്കുന്നു. ഭൂമിക്ക് മഴവർഷിച്ച് പുതുജീവൻ നൽകുന്നതുപോലെ ! ഓരോ വായനയിലും, അല്ലാഹു (ത) പുതിയ വിശദീകരണങ്ങൾ വെളിവാക്കുന്നു. വെളിപാടുകളിലൂടെ നൽകപ്പെട്ട വചനങ്ങൾ, നൂതന വഴിയിലൂടെ, ദൈനം ദിന ജീവിതത്തിൽ നമുക്ക് പ്രാവർത്തികമാക്കുവാൻ കഴിയത്തക്ക നിലയിൽ വിശദീകരിക്കപ്പെടുന്നു.

പഠന വഴിയേപ്പറ്റി ഞാൻ ചിന്തിച്ചപ്പോൾ, ഖുർ ആൻ പഠനത്തെപ്പറ്റി വെളിവാക്കപ്പെട്ടത്, ഈ പ്രപഞ്ചം എന്റെ കാഴ്ചയിൽ ഒരു തരിയായി തീർന്നു! ഈ ഭൗതിക പ്രപഞ്ചം മുഴുവനും ആത്മീയ പ്രപഞ്ചത്തിന്റെ ഒരു മൂലയിൽ ഇടുവാൻ പോലും തികയുകയില്ല. ഖുർആൻ എന്റെ മുമ്പിൽ വെളിവാക്കിയത് അപ്രകാരമാ ണ്. അത്യത്ഭുതമെന്ന് പറയുന്നത്, അല്ലാഹുവിന്റെ ഒരു യഥാർത്ഥ ദാസൻ തന്റെ ഹൃദയം ശുദ്ധീകരിക്കു മ്പോൾ, തന്റെ എല്ലാ പ്രശ്നങ്ങൾക്കും വിശുദ്ധ ഖുർആൻ പരിഹാരം കാണുവാൻ കഴിവുറ്റതാണ് എന്ന് ദൃഢമായി വിശ്വസിക്കുമ്പോൾ, അത്തരം സന്ദർഭങ്ങളിൽ അല്ലാഹുവിന്റെ പരിപൂർണ്ണ ഗ്രന്ഥം, ഏതൊന്നിലാണോ സമ്പൂർണ്ണ വാക്കുകളും, അല്ലാഹുവിന്റെ നിയമങ്ങളും നിലകൊള്ളുന്നത്, അത് അവന്റെ മുമ്പിൽ അവനു വേണ്ടി ജീവിച്ചിരിക്കുന്നതായി കാണാം. അല്ലാഹു (ത) അവന്റെ ഖുർആനിലൂടെ അവനോട് സംസാരിക്കു ന്നു. ഓരോ ചോദ്യത്തിനും അവന് ഉത്തരം നൽകും. ഓരോ സംശയവും നീക്കം ചെയ്യും. കാരണം അവന്റെ മുൻപിൽ അല്ലാഹു പ്രകടിപ്പിക്കുന്ന ഓരോ വചനവും അവന്റെ ആവലാതികൾക്കുള്ള ഉത്തരമായി മാറു ന്നു. ഖുർആന്റെ ഈ അത്ഭുത സിദ്ധി അതിന്റെ സത്യതയ്ക്കുള്ള ശക്തമായ തെളിവാണ്. ഒരാൾ എത്രതന്നെ പഠിച്ചവനാണെങ്കിലും, വരും കാലങ്ങളിലുള്ള എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം നിർദ്ദേശിക്കുവാൻ അവന് കഴിയുകയില്ല. കാരണം സാഹചര്യങ്ങൾക്കനുസരിച്ച് മനുഷ്യന് മാറ്റം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഭാവി യിൽ മനുഷ്യൻ ഏത് അവസ്ഥകളിലൂടെയായിരിക്കും കടന്നു പോകുന്നതെന്ന് ഊഹിക്കുവാൻ ആർക്ക് കഴിയും ? അവൻ ഏതെല്ലാം പുതുശാസ്ത്രങ്ങൾ പഠിക്കും ? കണ്ടു പിടിക്കും. മതപരമായ പ്രശ്നങ്ങൾക്ക് എന്തെല്ലാം പരിഹാരങ്ങൾ നിർദ്ദേശിക്കേണ്ടി വരും. അവന്റെ ബുദ്ധി എത്രത്തോളം വികസിതമാകും? അവന് ഏത് രീതിയിലുള്ള ആത്മീയ ആഹാരമാണ് ആവശ്യമായി വരുക ?

ഒരു ഗ്രന്ഥം ആയതിനാൽ അത് എല്ലാ കാലത്തേക്കും അനുയോജ്യമായ സമ്പൂർണ്ണ നിയമസംഹിത അധ്യാപനങ്ങൾ ഉൾക്കൊള്ളുക, എല്ലാ രോഗങ്ങൾക്കും എല്ലാ കാലത്തേക്കും പ്രതിവിധി നിർദ്ദേശിക്കുക, ധാർമ്മിക, ആത്മീയ വളർച്ചയ്ക്ക് അനുയോജ്യമായ നിലയിൽ, അത്തരം ഒരു ഗ്രന്ഥം തീർച്ചയായും ദൈവ

ത്തിൽ നിന്ന് അവതരിച്ചത് തന്നെയായിരിക്കും. കാരണം അത് മനുഷ്യ പുരോഗതിയുടെ തത്വശാസ്ത്രം അനാവരണം ചെയ്യുന്നു. എന്നും മാറിക്കൊണ്ടിരിക്കുന്ന ഒരു ലോകത്തിന് അനുയോജ്യമായ നിലയിൽ അത്തരം വികാസ തത്വചിന്ത അവതരിപ്പിക്കുവാൻ മനുഷ്യ മസ്തിഷ്കത്തിന് അസാധ്യം തന്നെ.

ഇസ്ലാമിന്റെ അധ്യാപനങ്ങൾ വിമർശിക്കപ്പെട്ടിട്ടുണ്ട് എന്നതിന് സംശയമില്ല. എന്നാൽ ഇസ്ലാമിനെതിരിൽ ഉയർത്തപ്പെട്ട എല്ലാ ആരോപണങ്ങളും ചിന്താ വൈകല്യം കൊണ്ടോ, ബുദ്ധിക്കുമേൽ വികാരം സ്വാധീനം ചെലുത്തിയതുകൊണ്ടോ മാത്രം സംഭവിച്ചതാണ്. ഇസ്ലാം സമർപ്പിക്കുന്ന അധ്യാപനങ്ങൾ അത് സമ്പൂർണ്ണമാണ്. ബുദ്ധിയുടെ വിധിക്കായി ഇത് സമർപ്പിക്കപ്പെട്ടിരുന്നെങ്കിൽ, ചിന്ത വികാരത്തിന് അഥവാ പഴമയ്ക്ക് കീഴ്പ്പെടാതിരുന്നെങ്കിൽ, മനുഷ്യന് ഇതിനെക്കാൾ നല്ല ധാർമ്മിക ആത്മീയ വളർച്ചയ്ക്കുള്ള സമ്പൂർണ്ണ നിയമ സംഹിത കണ്ടെത്തുവാൻ കഴിയുകയില്ലായെന്നത് ഒരു വസ്തുതയാണ്. എന്നാൽ സത്യത്തിൽ ഇസ്ലാമിനെ അപകീർത്തിപ്പെടുത്തുകയാണ്. സത്യത്തെ ഇതുപോലെ അപകീർത്തിപ്പെടുത്തപ്പെടുന്ന കാലം ഇതിനു മുമ്പ് ഉണ്ടായിട്ടില്ല.

അല്ലാഹു (ത) അവന്റെ സമ്പൂർണ്ണ മതത്തെ എന്നെന്നും സംരക്ഷിക്കട്ടെ ! സമ്പൂർണ്ണ ഗ്രന്ഥത്തെയും സംരക്ഷിക്കട്ടെ! മനുഷ്യരായ നമ്മെ അവൻ അനുവദിക്കട്ടെ, അവന്റെ ദാസന്മാരെ, നമ്മുടെ ബുദ്ധിയെ പരിപൂർണ്ണമാക്കുവാൻ! അല്ലാഹുവിന്റെ സ്നേഹ നിധിയായ പരിപൂർണ്ണ പ്രവാചകൻ മുഹമ്മദ് (സ) പരിപൂർണ്ണമാക്കിയതുപോലെ ! അവന്റെ സമ്പൂർണ്ണ അധ്യാപനങ്ങളെ മനസ്സിലാക്കുവാൻ നമുക്ക് തൗഫീക്ക് ചെയ്യട്ടെ! ശരിയായ നിലയിൽ അവ പ്രവർത്തി പഥത്തിൽ കൊണ്ടു വന്നാൽ, നമ്മുടെ ആന്തരികവും ബാഹ്യവുമായ നന്മയ്ക്കുവേണ്ടിയുള്ള യാത്ര ആരംഭിക്കുവാൻ നാം പ്രാപ്തരായി തീരുന്നതാണ്. ഇൻശാ അല്ലാഹ് ആമീൻ !.

**പ്രഖ്യാപനം : ഇന്നലെ എനിക്കൊരു ദൈവീക സന്ദേശം ലഭിച്ചു. അതിൽ അല്ലാഹു (ത) എനിക്ക് മനസ്സിലാക്കി തന്നു. അതായത് ബ്രിട്ടീഷ് അമേരിക്കൻ ഇൻഷുറൻസിന്റെ സത്യത തുറന്നുകാട്ടിയ ശേഷം, അതായത് (മൗറീഷ്യസ് പോസ്റ്റ് ആന്റ് കോ – ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്) ന്റെ കഴിഞ്ഞ ഗവൺമെന്റിലെ സുഹൃത്തുക്കൾ ചെയ്തത് സംബന്ധമായി വെളിപ്പെടുത്തിയതും വെളിപ്പെടുത്താത്തതുമായ കാര്യത്തെ സംബന്ധിച്ച് – അനേകം ആളുകൾ അവിടെ അവരുടെ ധനം നിക്ഷേപിച്ചിരിക്കുന്നത് സംബന്ധമായി !**


<u>**Translated & Issued By**</u>
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*


*****************